കാസർഗോഡ് ജില്ലയിൽ പട്ടയം കിട്ടിയിട്ടും സ്ഥലം അളന്നു നൽകാത്ത നടപടി

24 (1963) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡു ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടും സ്ഥലം അളന്നു നൽകാത്ത നിരവധി കേസുകളുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥലം അളന്നു നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ആയതിനാൽ പട്ടയം കിട്ടിയവരുടെയെല്ലാം ഭൂമി കാലതാമസം കൂടാതെ അളന്നു തിട്ടപ്പെടുത്തുന്നതാണ്.

തളിപ്പറമ്പ് ഐ.എച്ച്.ആർ.ഡി. കോളേജിന് മിച്ചഭൂമി ലഭ്യമാക്കാൻ നടപടി

25 (1964) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഐ.എച്ച്.ആർ.ഡി. കോളേജിന് പട്ടുവം വില്ലേജിൽ ഗവൺമെന്റ് ആവശ്യത്തിന് നീക്കിവെച്ച മിച്ച ഭൂമി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള 60409/എൻ3/2001 നമ്പർ ഫയലിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ;

(ബി) ആയത് സംബന്ധിച്ചുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്നും മിച്ചഭൂമി കോളേജിനു എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഐ.എച്ച്.ആർ.ഡി-ക്ക് കൈമാറ്റം ചെയ്യുവാൻ അപേക്ഷിച്ച മിച്ചഭൂമിക്ക് കമ്പോളവില നൽകുവാൻ ഐ.എച്ച്.ആർ.ഡി. തയ്യാറാകാത്ത സാഹചര്യത്തിൽ ഭൂമി കൈമാറ്റത്തിനായി ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിരുന്ന അപേക്ഷ സർക്കാർ നിരസിക്കുകയുണ്ടായി.

നെടുമങ്ങാട് താലൂക്കിലെ ഭൂരഹിതർക്ക് നൽകിയ മിച്ചഭൂമി

26 (1965) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് താലൂക്കിലെ എത്ര ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly